# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 88 12.01.2021-ലെ മറുപടിക്ക്

## മടങ്ങിപ്പോകാൻ കഴിയാത്ത പ്രവാസികൾക്ക് സഹായം

**ചോദ്യം**

ശ്രീ.സി.മമ്മൂട്ടി

(എ) കോവിഡ് പ്രതിസന്ധിയെ തുടർന്ന് വിദേശത്തെ ജോലിസ്ഥലത്തേക്ക് മടങ്ങിപ്പോകാൻ കഴിയാത്ത പ്രവാസികളെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**മറുപടി**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

(എ) & (ബി) കോവിഡ് പ്രതിസന്ധിയെ തുടർന്ന് വിദേശത്തെ ജോലിസ്ഥലത്തേക്ക് മടങ്ങിപ്പോകാൻ കഴിയാത്ത പ്രവാസികൾക്കായി ചുവടെ വിശദീകരിക്കുന്ന സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

I) 2020 ജനുവരി 1-നോ, അതിന് ശേഷമോ വിദേശ രാജ്യങ്ങളിൽ നിന്നും സാധുതയുള്ള പാസ്പോർട്ട്, ജോബ് വിസ എന്നിവയോടെ നാട്ടിലെത്തിയ പ്രവാസികളിൽ, ലോക്ക്ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെ പോകാൻ സാധിക്കാത്തവർക്കും, ഈ കാലയളവിൽ വിസ കാലാവധി അധികരിച്ച വർക്കും 5000/- രൂപ വീതം അടിയന്തിര ധനസഹായവും, നാട്ടിലെത്തിയവരിൽ കോവിഡ് ബാധിതരായവർക്ക് 'സാന്ത്വന പദ്ധതി' മുഖാന്തിരം 10,000/- രൂപ വീതം ചികിത്സാധനസഹായവും നൽകി. ഈ ആവശ്യത്തിനായി സർക്കാർ നിലവിൽ 57.5 കോടി രൂപ ചെലവഴിക്കുകയും, അധികമായി 25 കോടി രൂപ കൂടി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് .

II) കേരള പ്രവാസി കേരളീയക്ഷേമ ബോർഡ് മുഖാന്തിരം, ക്ഷേമനിധി പെൻഷൻകാർക്ക് 1,000/- രൂപ വീതം ഒറ്റ തവണ ധനസഹായവും, കോവിഡ് പോസിറ്റിവ് ആയിട്ടുള്ള അംഗങ്ങൾക്ക് 10,000/- രൂപ വീതം ധനസഹായവും ലഭ്യമാക്കുകയും, ക്ഷേമനിധി അംഗത്വം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി 21.11.2020 വരെ പലിശയും, പിഴപ്പലിശയും ഒഴിവാക്കി മുടങ്ങിയ അംശദായം അടക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്തു.

iii) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രൊജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) എന്ന പദ്ധതിയിൽ, കോവിഡ് പശ്ചാത്തലത്തിൽ തിരികെയെത്തിയ പ്രവാസികൾക്ക് പ്രത്യേക ഉപഭോക്താക്കൾ എന്ന പരിഗണന നൽകി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട സഹായങ്ങൾ ലഭ്യമാക്കി. പ്രസ്തുത പദ്ധതി പ്രകാരം 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 3% പലിശ സബ്സിഡിയും (പരമാവധി 3 ലക്ഷം), 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും ലഭ്യമാക്കിയിട്ടുണ്ട്.

iv) സ്വയം തൊഴിൽ സംരംഭകർക്കായി, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കാർഷിക വ്യവസായം, കച്ചവടം, സേവനങ്ങൾ, വാഹന വായ്പ, ഉത്പാദനം എന്നീ സംരംഭങ്ങൾക്കും സ്റ്റാർട്ട് അപ്പ് മിഷൻ, മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ തുടങ്ങിയ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുമായും ചേർന്നുള്ള പ്രൊജക്ടുകൾക്കും മേൽ പദ്ധതി മുഖേന ദേശസാത്കൃത ബാങ്കുകൾ ഉൾപ്പടെ സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ച് വായ്പ ലഭ്യമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ